Reg. A/D

# റബ്ബർ ബോർഡ്.

റഫ: നമ്പർ:- ED:14/2740/57

കോട്ടയം,
കേരളാസ്റ്റേറ്റ്.
27-11-൧൯൫൭.

രജി: ന: Meen: 2740 .............. തോട്ടത്തിൻെറ പേര് Chamakathu ..............

സർ,

## ൧൯൫൫ - ലെ റബ്ബർ റൂൾസ് ൩൩ എ പ്രകാരമുള്ള നോട്ടീസ്

൧൯൪൭ - ലെ റബ്ബർ ആക്റ്റ് ൧൨ (൧) -ാം വകുപ്പനുസരിച്ച്, കേന്ദ്രഗവർമ്മെൻറ് ൧.൮.൫൫ - ലെ ന: ൨൦ (൩) പ്ലാൻറ് ൫൫ നോട്ടിഫിക്കേഷനിൽ ൧൯൫൫ ആഗസ്റ്റ് ൧ -ാം നു മുതൽ ഇൻഡ്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന എല്ലാ റബ്ബറിനും ഒരു റാത്തലിനു ഒരണ നിരക്കിലുള്ള എക്സൈസ് നികുതി ചുമത്തി പിരിച്ചുകൊള്ളേണ്ടതാണെന്ന് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രകാരം തോട്ടമുടമസ്ഥന്മാർ കൊടുക്കേണ്ട നികുതി ചുമത്തപ്പെടുന്നതിനുള്ള ഒരു തവണ ഈ ബോർഡിൽ നിന്നും ൧൯൪൭ ലെ റബ്ബർ ആക്റ്റ് ൧൨ (൪) (എ) അനുസരിച്ച് ഇൻഡ്യാ ഗവർമ്മെൻറിൻെറ ൧൬.൬.൫൬ - ലെ ഗസററിൽ II -ാം ഭാഗം ൩ -ാം വകുപ്പിൽ ൧൦൩൩ -ാം പേജിൽ പരസ്യപ്പെടുത്തിയിട്ടുള്ള ൧൨.൬.൫൬ - ലെ നോട്ടിഫിക്കേഷൻ പ്രകാരം ൧൯൫൬ ഏപ്രിൽ മുതൽ ൫൬ സെപ്തംബർവരെയുള്ള കാലമായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ ആക്റ്റ് ൧൨ (൪) (ബി) വകുപ്പനുസരിച്ച് നിങ്ങളുടെ വക മേൽ - പറഞ്ഞിരിക്കുന്ന തോട്ടത്തിൽ നിന്നും ൫൬ ഏപ്രിൽ മുതൽ ൫൬ സെപ്റ്റംബർവരെ ഉല്പാദിപ്പിക്കപ്പെട്ട മൊത്തം റബ്ബറിൻെറ കണക്ക് ൫൬ ഒക്ടോബർ ൧൫ -ാം നുക്കു മുൻപ് ഈ ബോർഡിൽ അയച്ചിരിക്കേണ്ടതാ~~യിരുന്നു~~. ~~എന്നാൽ നിങ്ങൾ മേൽപറഞ്ഞ തീയതിക്കകം ആയതു അയച്ചിട്ടുള്ളതായി കാണുന്നില്ല.~~ താങ്കൾ തന്നിരിക്കുന്ന കണക്ക് ശരിയല്ലെന്ന്/ അപൂർണ്ണമെന്ന് വിശ്വസിക്കുന്നതിന് മതിയായ കാരണങ്ങളുണ്ട്. അതു - കൊണ്ട് ൧൯൫൫ - ലെ റബ്ബർ റൂൾസ് ൩൩ (എ) അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ച് നിങ്ങൾതന്നെയോ, നിങ്ങളുടെ ഏജൻറു മുഖേനയോ ടി തോട്ടത്തിൽ ടി കാലയളവിലെ റബ്ബറുൽപ്പാദന കണക്കുകൾ 1957 December 10 -ാം നു 11 A.M. മണിക്ക് ഈ ആഫീസിൽ ഹാജരാക്കി ബോദ്ധ്യപ്പെടുത്തേണ്ടതും, ടി കാലയളവിൽ ടി ~~തോട്ടത്തിൽ റബ്ബർ ഉല്പാദിപ്പിച്ചിട്ടില്ല~~ തന്നതായ കണക്ക് ശരിയും പൂർണ്ണവും ആണ് എന്ന് തെളിയിച്ചുകൊള്ളേണ്ടതുമാണെന്ന്/ അറിയിച്ചുകൊള്ളുന്നു. മേൽ പ്രകാരം ചെയ്യാത്തപക്ഷം ന്യായമെന്നു തോന്നുന്ന വിധത്തിൽ ടി കാലത്തേക്ക് ടി തോട്ടത്തിൽ ഉല്പാദിപ്പിച്ച റബ്ബറിൻെറ തൂക്കം നിശ്ചയിച്ച് ആയതിലേക്ക് നികുതി ചുമത്തുന്നതായിരിക്കും എന്ന് അറിയിച്ചുകൊള്ളുന്നു.

എന്ന്,

വിധേയൻ,

(signature)

സെക്രട്ടറി.

To Sri V.P. Gopala Pillai